ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉദ്ദേശം 68.09 കോടി രൂപയാണ് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ളത്.

(സി) ചില സ്ഥാപനങ്ങൾ നഷ്ടത്തിലായതിനാൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്താറുണ്ട്. മറ്റ് ചില സ്ഥാപനങ്ങൾ അടയ്ക്കാൻ കഴിവുണ്ടെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് തുക അടയ്ക്കുന്നത് നീട്ടിക്കൊണ്ടു പോകാറുണ്ട്. ഇവയാണ് ഗ്യാരന്റി കമ്മീഷൻ കുടിശ്ശികയാവുന്നതിനുള്ള മുഖ്യമായ കാരണങ്ങൾ.

കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ

30 (1371) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവയ്ക്ക് പരിഹാരമായി റബ്ബർ ബോർഡിന്റെ മാതൃകയിൽ ഒരു കാഷ്യൂബോർഡ് രൂപീകരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തോട്ടണ്ടിയുടെ ദൗർലഭ്യവും, ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി)&(സി) ഇക്കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

മിനറൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലെ നിയമനം

31(1372) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയായ മിനറൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താനുള്ള നീക്കം ഉപേക്ഷിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് സംഘടനകളുമായി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്ത് ഉണ്ടാക്കിയ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ അതേപടി പാലിക്കുമോ;

(സി) പരിമിതമായ പ്രൊമോഷൻ സാദ്ധ്യത മാത്രമുള്ള പ്രസ്തുത വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള നീക്കം ഉപേക്ഷിക്കുമോ;

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് മിനറൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ട്രാൻസ്ഫർ വഴിയുള്ള നിയമനത്തിന് ഫീഡർ തസ്തികകളായി അപ്പർ ഡിവിഷൻ ക്ലാർക്ക്, ജൂനിയർ ആഡിറ്റർ എന്നീ മിനിസ്റ്റീരിയൽ വിഭാഗം തസ്തികകൾ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ ഈ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(ബി) ഇതിനെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾ പ്രകാരമുള്ള വ്യവസ്ഥകൾ അതേപടി പാലിക്കുന്നുണ്ട്.

(സി) ജീവനക്കാരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നീക്കങ്ങളൊന്നും തന്നെയില്ല.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ സമഗ്ര പുരോഗമനത്തിനുതകുന്ന രീതിയിൽ തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടി

32(1373)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നിന്നും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി അനുസരിച്ച് എത്ര രൂപ ഗ്രാന്റ് ഇനത്തിൽ വിതരണം ചെയ്തുവെന്ന കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്രപേർക്ക് ഗ്രാന്റ് നൽകിയെന്നും എന്തു തുക വീതം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നിന്നും മാർജിൻമണി പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പയുടെ 25% മുതൽ 30% വരെ മാർജിൻമണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. കൂടാതെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി പ്രകാരം 25% മാർജിൻമണി അനുവദിക്കുന്നു. ഈ തുക

LIBRARY ARCHIVES Kerala Legislative Assembly